കേരള സർക്കാർ
(സംഗ്രഹം)

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പത്താം പഞ്ചവത്സര പദ്ധതി – മാർഗ്ഗരേഖ ഭേദഗതി ചെയ്ത് – ഉത്തരവ് പുറപ്പെടുവിക്കുന്നു

ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്

സ.ഉ (എം.എസ്) നമ്പർ 53/2002/പ്ലാനിംഗ് തിരുവനന്തപുരം 13/11/2002

പരാമർശം:–
1. 06/06/2002 ലെ ജി. ഒ (എം എസ്) 20/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
2. 24/09/2002 ലെ ജി. ഒ (എം എസ്) 39/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
3. 05/11/2002 ലെ 12994/2002/എ1/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്

## ഉത്തരവ്

1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പത്താം പഞ്ചവത്സര പദ്ധതി രേഖയും പ്രോജക്ടുകളും ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികൾക്ക് നല്കുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടുന്നതിനും ഉള്ള തീയതികൾ പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിക്കുകയും പ്രസ്തുത തീയതികൾ സൂചന രണ്ടിലെ സർക്കാർ ഉത്തരവ് പ്രകാരം ദീർഘിപ്പിച്ച് നല്കുകയും ചെയ്തിരുന്നു.
2. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അഞ്ച് വാർഷിക പദ്ധതികളിലെയും പ്രോജക്ടുകൾ അതിനായി നിശ്ചയിക്കപ്പെട്ട ഫോറങ്ങളിലും പ്രൊഫോർമകളിലും പൂരിപ്പിച്ച് നല്കുന്നതിന്, സൗകര്യപ്രദമാകത്തക്ക തരത്തിൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ സമിതി ചില ക്രമീകരണങ്ങൾ നിർദ്ദേശിക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങൾ അതനുസരിച്ച് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.
3. കോർഡിനേഷൻ സമിതിയുടെ നിർദ്ദേശങ്ങൾ ഗവൺമെന്റ് വിശദമായി പരിശോധിച്ച് മുകളിൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളിൽ ചുവടെ പ്രതിപാദിക്കുന്ന ഭേദഗതികൾ അംഗീകരിച്ച് ഉത്തരവാകുന്നു.
4. ജില്ലാ ആസൂത്രണ സമിതികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പത്താം പഞ്ചവത്സര പദ്ധതിയും പ്രോജക്ടുകളും രണ്ട് ഘട്ടങ്ങളിലായി അംഗീകാരം നല്കാവുന്നതാണ്. അത് പ്രകാരം പത്താം പഞ്ചവത്സര പദ്ധതിരേഖയും അനിവാര്യ പ്രമാണങ്ങളും 2002–2003 വാർഷിക പദ്ധതി പ്രോജക്ടുകളും ഒന്നാം ഘട്ടത്തിലും 2003–2004 മുതലുള്ള നാല് വാർഷിക പദ്ധതി പ്രോജക്ടുകൾ രണ്ടാം ഘട്ടത്തിലും ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

5. അതിനാൽ ഗ്രാമ പഞ്ചായത്തുകളുടെ പത്താം പഞ്ചവത്സര പദ്ധതിരേഖയും അനിവാര്യ പ്രമാണങ്ങളും 2002–2003 വാർഷിക പദ്ധതി പ്രോജക്ടുകളും ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികൾക്ക് സമർപ്പിക്കുന്നതിന് 2002 നവംബർ 1–ാം തിയതി വരെയും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും 2003–2004 മുതലുള്ള നാല് വാർഷിക പദ്ധതി പ്രോജക്ടുകൾ സമർപ്പിക്കുന്നതിന് ഒരു മാസം വരെയും സമയം ദീർഘിപ്പിച്ചു നല്കിയ നടപടിക്ക് ഗവൺമെന്റ് സാധൂകരണം നല്കുന്നു.

6. അതു പ്രകാരം പദ്ധതിരേഖയും പ്രോജക്ടുകളും സമർപ്പിക്കുകയും അംഗീകാരം നേടുകയും ചെയ്യേണ്ട പുതുക്കിയ തീയതികൾ ചുവടെ നല്കുന്നു:–

(എ) പത്താം പഞ്ചവത്സര പദ്ധതിരേഖയും അനിവാര്യ പ്രമാണങ്ങളും 2002–2003 വാർഷിക പദ്ധതി പ്രോജക്ടുകളും ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിക്ക് നല്കേണ്ടത്.

| | | |
|---|---|---|
| (i) ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റിയും | : | 2002 നവംബർ,12 |
| (ii) കോർപ്പറേഷനുകളും ജില്ലാപഞ്ചായത്തുകളും | : | 2002 നവംബർ,19 |

(ബി) പത്താം പഞ്ചവത്സര പദ്ധതിരേഖയ്ക്കും 2002–2003 വാർഷിക പദ്ധതി പ്രാജക്ടുകൾക്കും ജില്ലാ ആസൂത്രണ സമിതി അംഗീകാരം നേടേണ്ടത്.

| | | |
|---|---|---|
| (i) ഗ്രാമപഞ്ചായത്തുകൾ | : | 2002 നവംബർ, 22 |
| (ii) ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും | : | 2002 നവംബർ, 27 |
| (iii) കോർപ്പറേഷനുകളും ജില്ലാപഞ്ചായത്തുകളും | : | 2002 ഡിസംബർ, 7 |

(സി) 2003–2004, 2004–2005, 2005–2006, 2006–2007 എന്നീ നാല് വാർഷിക പദ്ധതി പ്രോജക്ടുകൾ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിക്ക് നല്കേണ്ടത്.

| | | |
|---|---|---|
| (i) ഗ്രാമപഞ്ചായത്തുകൾ | : | 2002 നവംബർ, 30 |
| (ii) ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും | : | 2002 ഡിസംബർ, 12 |
| (iii) കോർപ്പറേഷനുകളും ജില്ലാപഞ്ചായത്തുകളും | : | 2002 ഡിസംബർ, 19 |

(ഡി) 2003–2004, 2004–2005, 2005–2006, 2006–2007 എന്നീ നാല് വാർഷിക പദ്ധതി പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടേണ്ടത്.

| | | |
|---|---|---|
| (i) ഗ്രാമപഞ്ചായത്തുകൾ | : | 2002 ഡിസംബർ, 20 |
| (ii) ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും | : | 2003 ജനുവരി, 1 |
| (iii) കോർപ്പറേഷനുകളും ജില്ലാപഞ്ചായത്തുകളും | : | 2003 ജനുവരി, 8 |

7. ചില തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻ വാർഷിക പദ്ധതികളിൽ അനിവാര്യ ഘടകങ്ങൾക്ക് വകയിരുത്തേണ്ടിയിരുന്ന തുകയിൽ ഉണ്ടായിട്ടുള്ള വ്യതിയാനവും മേഖലാവിഭജനത്തിൽ ഉണ്ടായിട്ടുള്ള വ്യത്യാസവും 2002–2003 വാർഷിക പദ്ധതിയിൽ പൂർണ്ണമായി ക്രമീകരിക്കുവാൻ പ്രയാസമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ പരിഹാരവകയിരുത്തലിന് ചുവടെയുള്ള ഭേദഗതി അംഗീകരിച്ച് ഉത്തരവാകുന്നു.

(i) ഒൻപതാം പഞ്ചവത്സര പദ്ധതിലെ 2001–2002 വാർഷിക പദ്ധതിവരെ ഉല്പാദന മേഖല, വനിതാഘടക പദ്ധതി, പ്രത്യേക ഘടക പദ്ധതി എന്നീ വിഭാഗങ്ങളിൽ ചെലവാക്കേണ്ടിയിരുന്ന തുകയിൽ കുറവ് ഉണ്ടായിട്ടുണ്ടെങ്കിൽ, കുറവുള്ള തുക 2002–2003–ൽ പൂർണ്ണമായി വകയിരുത്തുവാൻ കഴിയുകയില്ലെങ്കിൽ 2002–2003, 2003–2004 എന്നീ രണ്ട് വാർഷിക പദ്ധതികളിൽ പരിഹാരത്തുകയായി വകയിരുത്തേണ്ടതാണ്.

(ii) ഒൻപതാം പഞ്ചവത്സര പദ്ധതിലെ 2001–2002 വാർഷിക പദ്ധതിവരെ പശ്ചാത്തലമേഖലയിൽ അനുവദനീയമായ പരിധി കവിഞ്ഞ് തുക ചെലവാക്കിയിട്ടുണ്ടെങ്കിൽ, അധികം ചെലവാക്കിയ തുക 2002–2003 വാർഷിക പദ്ധതിയിൽ പൂർണ്ണമായി കുറവ് ചെയ്യുവാൻ സാധിക്കുകയില്ലെങ്കിൽ 2002–2003, 2003–2004 എന്നീ രണ്ട് വാർഷിക പദ്ധതികളിലെ പശ്ചാത്തല മേഖലാ വിഹിതത്തിൽ നിന്ന് കുറവ് വരുത്തേണ്ടതാണ്.

8. മുകളിൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ ഇപ്രകാരം ഭേദഗതി ചെയ്യുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

പി. ഗീത

സെക്രട്ടറി(ഇൻ–ചാർജ്)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

1. പഞ്ചായത്ത് ഡയറക്ടർ
2. ഗ്രാമവികസന കമ്മീഷണർ
3. മുനിസിപ്പൽ ഭരണ ഡയറക്ടർ
4. പ്രിൻസിപ്പൽ സെക്രട്ടറി, ഗ്രാമ വികസനം
5. സെക്രട്ടറി, തദ്ദേശ സ്വയം ഭരണം (റൂറൽ)
6. സെക്രട്ടറി, തദ്ദേശ സ്വയം ഭരണം (അർബൻ)
7. മറ്റ് എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ഗവൺമെന്റ് സെക്രട്ടറിമാർക്കും
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
9. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ് (അടിയന്തര പത്രക്കുറിപ്പിന്)
10. ജില്ലാ ആസൂണ സമിതി ചെയർപേഴ്സൺമാർക്ക്
11. ജില്ലാ കളക്ടർമാർക്ക് (ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിമാർ)
12. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
13. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
14. ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
15. കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
16. മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
17. ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്ക്

പകർപ്പ്

1. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്
2. തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ഗ്രാമ വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. മറ്റു മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
5. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ
6. ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറിക്ക്
7. വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി അംഗങ്ങൾക്ക്
8. തദ്ദേശസ്വയംഭരണ വകുപ്പ്
9. ഗ്രാമവികസന വകുപ്പ്
10. ആസൂത്രണ വകുപ്പ്